*ബാബ അവിടുത്തെ അവതാരകാലത്തെ അവസാനത്തെ ഏതാണ്ട് കാൽനൂറ്റാണ്ടുകാലം ചെയ്ത എല്ലാ ദിവ്യപ്രഭാഷണങ്ങളിലും ആത്മാവിനെ പരാമർശിക്കാതെ പോയിട്ടില്ല എന്നും അതുകൊണ്ടു തന്നെ നമ്മുടെ യാഥാർത്ഥ്യം മനസ്സിലാക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയും സാധ നയും ആണെന്നും പ്രഫസർ അനിൽകുമാർ പറയുന്നു. ശ്രീശങ്കരന്റെ അദ്വൈതചിന്തയിലൂടെ, സ്വാമി ചിന്മയാനന്ദന്റെ ഗീതാ വ്യാഖ്യാനങ്ങളിലൂടെ ഒക്കെയുള്ള ഈ സഞ്ചാരത്തെ* ***'Kerala Consciousness'*** *എന്നാണ് അദ്ദേഹം പരാമർശിക്കുന്നത്! ഈ പ്രഭാഷണ പരമ്പര ശനിയാഴ്ച തോറും പ്രക്ഷേപണം ചെയ്യപ്പെടുന്ന പ്രശാന്തിസന്ദേശം ചോദ്യോത്തരവേള(**Q&A**) 226 മുതൽക്ക് തുടർന്നു വരുന്നു. ആത്മാവ് എന്താണ് എന്നതായിരുന്നു* ***Q&A*** *226-ന്റെ വിഷയം.*

**പ്രഫസർ അനിൽകുമാറിന്റെ ചോദ്യോത്തരവേള– ശനിയാഴ്ച തോറും**

## ആത്മാവിനെപ്പറ്റിയുള്ള പരമ്പര -ഭാഗം 2

**പ്രശാന്തി സന്ദേശം പോഡ്കാസ്റ്റ്**

**മലയാളം ഉൾപ്പടെ 8 ഇന്ത്യൻ ഭാഷകളിലും ഇറ്റാലിയൻ, സ്പാനിഷ് , റഷ്യൻ ഉൾപ്പടെ വിദേശഭാഷകളിലും ശനിയാഴ്ച തോറും**

# ആത്മാവിനെ എങ്ങനെ കാണാം?

**സെപ്തം.30, 2022 ശനി**

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം, ഈ ചോദ്യോത്തരവേളയിലേക്ക് സ്വാഗതം.

**Q. 227:**

ഇന്നത്തെ ചോദ്യം ഇതാണ്. ആത്മാവിനെ എങ്ങനെ കാണാം? ആത്മാവിനെ എങ്ങനെ കാണാം? ഇതാണ് ചോദ്യം.



നമുക്ക് ഈ വിഷയത്തെക്കുറിച്ച് പഠിക്കാൻ ശ്രമിക്കാം.

ഭഗവാൻ ഓരോ പ്രഭാഷണത്തിലും **ആത്മാവിനെ**ക്കുറിച്ച് ഊന്നൽ കൊടുത്ത് സംസാരിച്ചിരുന്നു. ദയവു ചെയ്ത് ഇത് ശ്രദ്ധിച്ചാലും. അവസാന കാലഘട്ടങ്ങളിൽ, ചുരുങ്ങിയത് 15 മുതൽ 20 വർഷങ്ങൾ വരെ, ഓരോ പ്രഭാഷണത്തിലും അവിടുന്ന് **ആത്മാവിനെ**പ്പറ്റി എടുത്ത് പരാമർശിക്കുമായിരുന്നു. അതു കൊണ്ട് **ആത്മാവിനെ**ക്കുറിച്ചുള്ള എല്ലാ കാര്യങ്ങളും അറിയുന്നതിനായി, നമ്മൾ ഒരുമിച്ച് പര്യവേഷണം നടത്താനും, പഠിക്കാനും അന്വേഷിക്കാനും നേരമായിരിക്കുന്നു.

മുൻ ചോദ്യം ആത്മാവ് എന്താണ് എന്നതായിരുന്നു. ഇപ്പോഴത്തെ ചോദ്യം ആത്മാവിനെ എങ്ങനെ കാണാം എന്നതാണ്. ആത്മാവെന്തെന്ന് അറിഞ്ഞു കഴിഞ്ഞ ശേഷം, ആത്മാവിനെ എങ്ങനെ കാണാം എന്ന് നാം അറിഞ്ഞിരിക്കേണ്ടതുണ്ട്. ശരി,



എന്തിനാണ് നാം ദർശിക്കുന്നത്? നാം ഈ നശ്വരമായ, ഐഹികമായ, നിരന്തരമായ ലോകത്ത് ഇങ്ങനെ കഴിഞ്ഞാൽ പോരേ? അതല്ലേ സുഖം? എന്തിന് നാം ആത്മാവിനെ ദർശിക്കണം? ഇതാവും മറ്റൊരു ചോദ്യം.

“ആത്മാവ് നമ്മുടെ വിഷയമല്ല”, ഇതാവും ഒരു നിരീശ്വരവാദി, ഒരു യുക്തിവാദി, പറയുക. ബുദ്ധിക്ക് അതീതമായി ഒന്നുമില്ലെന്ന് കരുതുന്നയാൾ ഒരു ശാസ്ത്രജ്ഞനാണ്. അപ്പോൾ, ഒരു നിരീശ്വരവാദി, ഒരു യുക്തിവാദി, അല്ലെങ്കിൽ ഒരു ശാസ്ത്രജ്ഞൻ, ഈ ലോകം കൊണ്ടും ലൗകിക ജീവിതം കൊണ്ടും തൃപ്തിപ്പെടുന്നവരാണെന്നത് നമുക്ക് മനസ്സിലാക്കാം, അവർക്ക് ആത്മാവിനെപ്പറ്റി ഒന്നുമറിയില്ല. അവരെ സംബന്ധിച്ച്, അതിനെക്കുറിച്ച് അറിയേണ്ട ആവശ്യമില്ല.

എന്നാൽ ചോദ്യം ഇതാണ്: നാം ഈ ജീവിതം കൊണ്ട്, ലൗകിക ജീവിതം കൊണ്ട്, നമ്മുടെ വിരസമായ ജീവിതം കൊണ്ട്, തൃപ്തരാണോ? നാം സന്തോഷമുള്ളവരാണോ? നാം സംതൃപ്തരാണോ? നമ്മുടെ അടിസ്ഥാന പ്രശ്നങ്ങൾക്ക് നമുക്ക് പരിഹാരമുണ്ടോ? ജനനം തന്നെ ഒരു പ്രശ്നമാണ്. ജീവിതം നിറയെ പ്രശ്നങ്ങളാണ്. മരണം ഏറ്റവും വലിയ പ്രശ്നമാണ്, ചിലരാണെങ്കിൽ മരണാനന്തരജീവിതത്തിലെ പ്രശ്നങ്ങളെക്കുറിച്ചും ചിന്തിക്കുന്നു. നമുക്ക് നിറയെ പ്രശ്നങ്ങളാണ്, ഈ വർത്തമാനലോകത്തിന് ഈ പ്രശ്നങ്ങൾ പരിഹരിക്കാനാവുന്നില്ല. അതുകൊണ്ട് നാം അസംതൃപ്തരാണ്. അതുകൊണ്ട്, ഐഹികലോകത്തിൽ നമുക്ക് നേട്ടങ്ങൾ ഉണ്ടെങ്കിൽപ്പോലും, നാം വിഷണ്ണരും അസംതൃപ്തരുമാണ്, എന്തുകൊണ്ടെന്നാൽ ജനനം, ജീവിതം, മരണം മുതലായ അടിസ്ഥാന പ്രശ്നങ്ങൾക്ക് നമുക്ക് പരിഹാരമില്ല.

അപ്പോൾ, ചോദ്യം ഇതാണ്: ഈ ലോകത്ത് നാം എന്താണ് കാണുന്നത്? ഈ ലോകത്ത് നാം കാണുന്നതൊക്കെ അനാത്മാവ്(non-self) മാത്രമാണ്. അത് ആത്മാവല്ല, അനാത്മാവാണ്. അനാത്മാവ്(non-self) എന്നാൽ ആത്മാവല്ലാത്തത്. അതാണ് നാം കാണുന്നത്. ഈ ലോകത്തിലെ നമ്മുടെ വ്യവഹാരങ്ങളൊക്കെ ഈ അനാത്മാവുമായി ബന്ധപ്പെട്ടതാണ്, അതാണ് ലോകം. മനസ്സിൽ വരുന്ന സകല ചിന്ത

കളും, പ്രവർത്തിക്കുന്നതിനായി പ്രയത്നിക്കുകയും പിന്നെ ഉപയോഗശൂന്യമാവുകയും ചെയ്യുന്ന ശരീരം, നമ്മുടെ എല്ലാ പ്രകടനങ്ങളും, ഈ ലോകത്തിലെ അനാത്മാവു(non-self)മായി ബന്ധപ്പെട്ടതാണ്.

അതെ, ഇതും ഒരു പരിധി വരെ ആവശ്യമാണ്, എന്തുകൊണ്ടെന്നാൽ ഇതെല്ലാം കർമഭൂമിയാകുന്നു. ഈ ലോകം മുഴുവനും കർമ മണ്ഡലം ആകുന്നു. അതെ, ഇക്കാര്യങ്ങളൊക്കെ നാം ചെയ്തേ മതിയാകൂ. എന്നാൽ നാം, ഈ ശാശ്വത പ്രശ്നങ്ങൾക്കൊക്കെ പരിഹാരം കാണുന്നതിന്, ഇതിനൊക്കെ അതീതമായ ആത്മാവിനെയും അറിയേണ്ടതായുണ്ട്.

ഇപ്പോൾ വ്യക്തമാവുന്നു. ഈ അനാത്മലോകത്തെ ചിരന്തന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ നമുക്ക് കഴിയില്ല. അപ്പോൾ, എന്താണ് മാർഗം? ആത്മാവിനെ അനുഭവിക്കുകയാണ് പരിഹാരം. നമ്മുടെ പ്രശ്നങ്ങൾക്കുള്ള ഒരേയൊരു പരിഹാരം അതാണ്. ആത്മാവിനെ നാം ദർശിക്കണമെന്ന് പറഞ്ഞത് യാജ്ഞവത്ക്യ മഹർഷിയാണ്, നിങ്ങൾ നിങ്ങളുടെ മനസ്സിലൂടെയാണ് ആത്മാവിനെ ദർശിക്കുന്നതെന്ന് ഉപനിഷത്തുകളും വ്യക്തമായി പറഞ്ഞിരിക്കുന്നു. അങ്ങനെയാണ് അവ പറയുന്നത്.

ശരി, ഞാൻ ആത്മാവിനെ ദർശിക്കുന്നില്ല എങ്കിൽ എന്തു സംഭവിക്കും? നിങ്ങൾക്ക് ഒരിക്കലും മോചനം അഥവാ മോക്ഷം അഥവാ നിർവാണം ലഭിക്കില്ല. നിങ്ങൾ ആത്മാവിനെ ദർശിക്കുന്നില്ല എങ്കിൽ നിങ്ങൾക്ക് മോക്ഷം, നിർവാണം കിട്ടില്ല. അപ്പോൾ, ഇത് ആവശ്യമാണ്.

ഇനി, ചോദ്യം ഇതാണ്. എങ്ങനെ കാണാനാണ്? അതിനെ എങ്ങനെ ദർശിക്കാനാണ്? നമുക്ക് ആ ആത്മാവിനെ ദർശിക്കാൻ കഴിയുമോ? ഇതാണ് ചോദ്യം. ശരി, കാണപ്പെടുന്നതെല്ലാം അനാത്മാവ്(non-self)മാത്രമാണ്. ആ വീക്ഷണത്തിൽ, ആത്മാവിനെ ദർശിക്കാനാവില്ല. അത് ദൃശ്യമാണെന്നു വരികിൽ, അത് അനാത്മാവ്(non-self)ആണ്. ആത്മാവിനെ കാണാനാവില്ല. അതുകൊണ്ട്, ഒരു തരത്തിൽ നാം ധരിക്കേണ്ടതെന്തെന്നാൽ, ദൃശ്യമായതൊക്കെ അനാത്മാവാ(non-self)ണെന്നതാണ്.

ശരി, അപ്പോൾ എന്തു ചെയ്യും? നമുക്ക് എന്തുകൊണ്ട് ആത്മാവിനെ കാണാനാവില്ല എന്നത് ഇത് വ്യക്തമായി വിശദമാക്കുന്നു. എന്തുകൊണ്ട്? മറുപടി ഇതാണ്: നാം കാണുന്നതൊക്കെ അനാത്മാവാണ്. വെളിയിലുള്ളത് ആഭാസം അല്ലാതെ മറ്റൊന്നല്ല. ആഭാസം എന്നാൽ ഒരു ഭാവന, ഒരു മരീചിക, ഒരു പ്രതിബിംബം, അഥവാ കപടത അല്ലെങ്കിൽ മായ മാത്രം. അതുകൊണ്ട്, നാം കാണുന്നതൊക്കെ ആഭാസം അഥവാ

മേൽചാർത്തൽ(super imposition) അല്ലാതെ മറ്റൊന്നല്ല. അതുകൊണ്ട്, നാം കേവലം ആഭാസമായ, പ്രതിബിംബമായ അഥവാ മേൽചാർത്തലായ ഈ അനാത്മീയ ലോകത്താൽ മോഹിപ്പിക്കപ്പെടുകയാണ്. ഇക്കാരണത്താലാണ് നമുക്ക് ആത്മാവിനെ ദർശിക്കാനാവാത്തത്.

ആത്മാവ് സാർവജനീനമാകുന്നു. അതുകൊണ്ട്, മറ്റു വാക്കുകളിൽ പറഞ്ഞാൽ, ഞാനത് ഇപ്രകാരം പറയാം: സംസ്കൃതത്തിൽ ഇത് വിശേഷദൃഷ്ടി ആണ്. ദൃഷ്ടി എന്നാൽ സമീപനം അഥവാ വീക്ഷണം. വിശേഷദൃഷ്ടി എന്നതിനർത്ഥം, നമുക്ക് അത്തരം വീക്ഷണം ഉണ്ടാവണം എന്നാണ്. എന്തുതരം വീക്ഷണമാണിത്? ഓരോന്നിനെയും ഒരു വസ്തുവായി കാണുക-ഈ കുന്ന്, ഈ കെട്ടിടം, ആ മരം, ആ മൃഗം. നമ്മളവയെ വേറിട്ട വസ്തുക്കളായി കാണുന്നു. ഇതിനെയാണ് വിശേഷദൃഷ്ടി എന്ന് നാം വിളിക്കുന്നത്. ആത്മാവിനെ അഥവാ നേർ സത്തയെ അറിയുന്നതിന് അത് നമ്മെ സഹായിക്കില്ല. അതുകൊണ്ട് ഈ അനാത്മാവ്(non-self), നമ്മുടെ വിശേഷദൃഷ്ടി, അതായത് വസ്തുക്കളുടെ പ്രത്യേക രൂപം ദർശിക്കുക കാരണത്താലാണ്.

അപ്പോൾ എന്താണ് നിങ്ങൾ ചെയ്യേണ്ടത്? നാമെല്ലാവരും ആത്മാവിനെ ദർശിക്കാൻ ആഗ്രഹിക്കുന്നവരാണ്. ശരി, ഏതു മാർഗത്തിലാണ് നിങ്ങൾ ദർശിക്കാനാഗ്രഹിക്കുന്നത്? ഉത്തരം ഇതാണ്. നിങ്ങൾ ആത്മാവിനെ നിങ്ങളിൽനിന്ന് വേറിട്ട് കാണാനാണ് നോക്കുന്നത്, ഈ ലോകത്തിലെ ചരങ്ങളും അചരങ്ങളും ആയവയെ, ജൈവവും അജൈവവും ആയവയെ ഒക്കെ, ഞാൻ എന്നിൽനിന്ന് വിഭിന്നരൂപങ്ങളായി ഞാൻ കാണുന്നതുപോലെ. പർവതങ്ങൾ എന്നിൽനിന്ന് വ്യത്യസ്തമാണ്, മരങ്ങൾ എന്നിൽനിന്ന് വ്യത്യസ്തമാണ്, ജന്തുക്കൾ എന്നിൽനിന്ന് വ്യത്യസ്തമാണ്. ഗൃഹങ്ങൾ, പാർപ്പിടങ്ങൾ, ആസ്തികൾ ഒക്കെ എന്നിൽനിന്ന് വ്യത്യസ്തമാണ്. ഈ കാര്യങ്ങളൊക്കെ എന്നിൽനിന്ന് വേറിട്ട് കാണുന്നത് എന്റെ ശീലമായിരിക്കുന്നു. ഇതാണ് വിശേഷദൃഷ്ടി, വസ്തുക്കളുടെ പ്രത്യേക രൂപം ദർശിക്കുക.

അങ്ങനെ, നമ്മുടെ ചിന്തകൾ, വാക്കുകൾ, പ്രവൃത്തികൾ വഴിയുള്ള എല്ലാ ഇടപെടലുകളും ഈ അനാത്മ പ്രക്രിയ(non-self activity)യിലാണ് വ്യാപരിക്കുന്നത്. എന്നാൽ നാം അപ്പോഴും ആത്മാവിനെ ദർശിക്കാൻ ആഗ്രഹിക്കുന്നു. എന്താണീ വിശേഷം? ഞാൻ നിങ്ങളോട് മുമ്പേ പറഞ്ഞു കഴിഞ്ഞു. പക്ഷേ നിങ്ങളുടെ അറിവിലേക്കായി ആവർത്തിക്കാം, വിശേഷം എന്നാൽ വസ്തുക്കളുടെ പ്രത്യേക രൂപം ദർശിക്കുക. എന്താണവ? എന്റെ കുടുംബം, എന്റെ സന്തോഷം, എന്റെ ആസ്തി-ഇ

ക്കാര്യങ്ങളൊക്കെ ‘വിശേഷ’മാണ്, പ്രത്യേക രൂപങ്ങൾ. അങ്ങനെ, നാം ഈ വിശേഷദൃഷ്ടിയുടെ വീക്ഷണകോണിലാണ് വസ്തുക്കളെ കാണുന്നത്. ഇതൊരു വലിയ തെറ്റാണ്.

നേരേ മറിച്ച്, നമുക്ക് മറ്റൊരു കാര്യം ശീലമാണ്. ഈ വീട് ഇന്നയാളിന്റേതാണ് എന്ന് എനിക്കറിയാം. ഇന്നയാളിന്റെ സ്വന്തമാണ് ഈ വീടെന്ന് എനിക്കറിയാം. ഇന്ന പേരുള്ള ഈ വൃക്ഷം എനിക്കറിയാം. ഇന്നപേരുള്ള ഈ മനുഷ്യനെ എനിക്കറിയാം. അങ്ങനെ, നാം വസ്തുക്കളെ അഥവാ വ്യക്തികളെ ഇന്നതിന്നതെന്ന് തിരിച്ചറിയുന്നു. പക്ഷേ രഹസ്യമെന്തെന്നാൽ, നിങ്ങൾ ഏതു വസ്തുവിനെയും ഇന്നതെന്ന് തിരിച്ചറിഞ്ഞാൽ, അത് അപ്രത്യക്ഷമായേ പറ്റൂ. അത് നശിച്ചേ മതിയാവൂ, എന്തുകൊണ്ടെന്നാൽ ശാസ്ത്രങ്ങൾ പറയുന്നത് കാണപ്പെടുന്നതൊക്കെ മാഞ്ഞുപോവുമെന്ന് ഉറപ്പാണ്. കാണാവുന്നിനൊക്കെ മരണം, നാശം ഉറപ്പാണ്. മൃതം എന്നാൽ മരണം എന്നർത്ഥം. അപ്പോൾ, നാം കാണുന്നതൊക്കെ തീർച്ചയായും മൃതമാവും.




അപ്പോൾ, എന്താണ് നിങ്ങൾ മരണം കൊണ്ട് അർത്ഥമാക്കുന്നത്? മരണമെന്നത് ഒരു മാറ്റ (change)മല്ലാതെ മറ്റൊന്നുമല്ല. നിങ്ങളിലെ കുട്ടി മരിച്ചിട്ടാണ് നിങ്ങൾ യൗവനാവസ്ഥ പ്രാപിക്കുന്നത്, യൗവനാവസ്ഥ മൃതമായിട്ട് നിങ്ങൾ പ്രായം ചെന്ന ആളാവുന്നു. അപ്പോൾ, ഈ മാറ്റമാണ് മരണം. അവസാനം എത്തുന്ന മരണമല്ല ഇതുകൊണ്ട് അർത്ഥമാക്കുന്നത്. ഏത് മാറ്റവും മരണമാണ്. ഒരു കാര്യം പോവുന്നു, മറ്റൊന്ന് വരുന്നു. ഒരു ചിന്ത പോവുന്നു, മരണം, മറ്റൊരു ചിന്ത വരുന്നു, ജനനം. ഇതുപോലെ ഈ അനാത്മിക കാര്യങ്ങളൊക്കെ മരണത്തിലേക്ക് അഥവാ സ്ഥിരമായ മാറ്റത്തിലേക്ക് നയിക്കുന്നത് നാം കാണുന്നു. അതുകൊണ്ട്, നിങ്ങൾ കാണുന്നതൊക്കെ ശവം ആണെന്ന് ശാസ്ത്രങ്ങൾ വ്യക്തമായി പറയുന്നു. ശവം, മരണം.

എന്നാൽ ഇതിനു പിന്നിൽ ചില കാര്യങ്ങളുണ്ട്. നിങ്ങൾ ജ്ഞാതാവാണ്. നിങ്ങളത് അറിയാൻ തുടങ്ങുകയാണ്. നിങ്ങളത് തിരിച്ചറിയാൻ പോവുകയാണ്. നിങ്ങൾക്ക് ആ ജ്ഞാനം, അവബോധം ഉണ്ട്. ആ ജ്ഞാനം അഥവാ അവബോധം കൊണ്ട്, നിങ്ങൾക്ക് അറിയാനാവും, തിരിച്ചറിയാൻ പറ്റും. ആ ജ്ഞാനത്തിന് അഥവാ അവബോധത്തിന് മരണമില്ല. ശരീരം, ഇന്ദ്രിയങ്ങൾ, പിന്നെ ജീവിതവും അപ്രത്യക്ഷമാവുമെന്ന് ഉറപ്പാണ്, എന്നാൽ ഈ ജ്ഞാനം നശിക്കില്ല. അതിന് മൃത്യുവില്ല. മറ്റു വാക്കു

കളിൽ പറഞ്ഞാൽ, നിങ്ങൾ കാണുന്നതൊക്കെ ശവമാണ്, മരണം, അതേ സമയം നിങ്ങളുടെ ജ്ഞാനത്താൽ നിങ്ങൾ കാണാത്തതൊക്കെ, അമൃത(deathless)മാണ്. അത് ശിവമാണ്. അത് മരണമില്ലാത്തതാണ്.

അതുകൊണ്ട്, നാം തത്വചിന്തയുടെ ഈ ആഴം മനസ്സിലാക്കേണ്ടിയിരിക്കുന്നു. നാം ശരീരമാണെന്ന് ധരിക്കുമ്പോൾ, നിർഭാഗ്യവശാൽ ആത്മാവെന്നത് നിങ്ങൾ കാണുന്ന ശരീരം മാത്രം. അതിനെ ജീവാത്മാവ് എന്ന് വിളിക്കും. ജീവാത്മാവ് എന്നാൽ വ്യക്തിയിലെ ആത്മാവ്(individual soul), അഥവാ ആ ആത്മാവ് ഈശ്വരരൂപത്തിൽ ക്ഷേത്രത്തിലാണെന്ന് ഞാൻ കരുതുന്നു. ഈശ്വരൻ രാമന്റെ, കൃഷ്ണന്റെ ഒക്കെ രൂപത്തിൽ ക്ഷേത്രത്തിലാണല്ലോ.

സുഹൃത്തുക്കളേ, മൂന്ന് അടിസ്ഥാന വസ്തുതകളുണ്ട്. നാമം, രൂപം(name and form). ഇവ തമ്മിലുള്ള, നാമവും രൂപവും തമ്മിലുള്ള വിനിമയമാണ് ക്രിയ(action). അപ്പോൾ ഇവ മൂന്നും-നാമം, രൂപം, ക്രിയ, ഇവ മൂന്നും മരിക്കുമെന്ന് ഉറപ്പാണ്. അവയ്ക്ക് മരണത്തെ അഭിമുഖീകരിക്കേണ്ടതുണ്ട്, ശവം.

നിങ്ങൾ ചോദിച്ചേക്കാം, എങ്ങനെ? അവതാരങ്ങളോ? അവതാരങ്ങൾ എവിടെയാണ്? അവരെവിടെ? അവർക്ക് അവരുടേതായ നാമം, രൂപം, ക്രിയ ഒക്കെയുണ്ടായിരുന്നു, പക്ഷേ അവ ഇന്നില്ല. ഇക്കാരണത്താലാണ് ഭാഗവതത്തിൽ, അസുരനായ ഹിരണ്യക



ശിപു തന്റെ മകനോട് ചോദിക്കുന്നു, "പുത്രാ, ഈശ്വരൻ എവിടെയാണെന്ന് കാണിച്ചുതരൂ?"

പുത്രനായ പ്രഹ്ലാദൻ പറഞ്ഞു, "അച്ഛാ, ഈശ്വരനെ കാട്ടിത്തരാനായി അങ്ങ് എന്നോട് ആവശ്യപ്പെടുന്നത് എന്തിനാണ്. അവിടുന്ന് എല്ലായിടത്തുമുണ്ട്." ഇതിനർത്ഥം ഒരു ക്ഷേത്രത്തിൽ ഭഗവാനിരിക്കുന്നത് നിങ്ങൾക്ക് കാണാനാവും. അവിടെ നിങ്ങൾക്ക് ഈശ്വരനെ കാണാം. എന്നാൽ, എല്ലായിടത്തുമുള്ള ഈശ്വരനെ കാണാനാവില്ല. അതുകൊണ്ട്,

നിങ്ങൾ കാണുന്നില്ലെങ്കിൽ, നിങ്ങൾക്ക് ആത്മാവിന്റെ വ്യക്തമായ ദർശനം അഥവാ ശരിയായ സമീപനം കിട്ടുന്നില്ലെങ്കിൽ, നിർവാണം ഉണ്ടാവില്ല, മോക്ഷം ഇല്ല.

ഒരു കാര്യം ഇതാണ്: അത്തരത്തിലുള്ള സാമാന്യദൃഷ്ടി, എന്നുവച്ചാൽ പൊതു സമീപനം-സത്, ചിത്, സാമാന്യ, സാമാന്യദൃഷ്ടി, വീക്ഷണം, സാമാന്യം. സാമാന്യം എന്നാൽ സംസ്കൃതത്തിൽ ഇവ രണ്ടുമാണ്-സത്, പിന്നെ ചിത്ത്, അസ്തിത്വവും അവബോധവും(existence and awareness) ഒരുമിച്ചാണ് സാമാന്യം എന്ന് വിളിക്കപ്പെടുന്നത്.

ഒരു ലളിതമായ ദൃഷ്ടാന്തം: ഞാൻ ഇവിടെയുണ്ട്. എനിക്കറിയാം ഞാനാണെ(I 'am')ന്ന്. ഞാൻ ആകുന്നു(I 'am')എന്ന് എനിക്കറിയാം. ഞാൻ ആകുന്നു(I 'am'). ഞാൻ അറിയുന്നു(I 'know'). ആ അവബോധവും അസ്തിത്വവും സാമാന്യദൃഷ്ടിയാകുന്നു. അതിനാൽ ആത്മാവിനെ മനസ്സിലാക്കുന്നതിന് അഥവാ അഭിമുഖീകരിക്കുന്നതിന് നാം സാമാന്യദൃഷ്ടി വികസിപ്പിക്കേണ്ട ആവശ്യമുണ്ട്, വിശേഷദൃഷ്ടിയല്ല, അത് അവശ്യമാണ്.

അതുകൊണ്ട്, നമ്മുടെ കടമയെന്തെന്ന് ഇപ്പോൾ വ്യക്തമാണ്. നാം ഈ വിശേഷത്തിലേക്ക് നോക്കുന്നത് അവസാനിപ്പിക്കുക. ഞാൻ മുമ്പ് നിങ്ങളോട് പറഞ്ഞതുപോലെ, അവയൊക്കെ ശകലങ്ങളാണ്. നാം വസ്തുക്കളെ അംശങ്ങളായാണ് കാണുന്നത്, ഒരു വസ്തുവിന്റെ വിശേഷ രൂപങ്ങൾ. ഈ വിശേഷദൃഷ്ടി നമുക്ക് വേണ്ട. എന്താണീ വിശേഷദൃഷ്ടി എന്നാൽ? "എന്റെ കുടുംബം, എന്റെ കുട്ടികൾ, എന്റെ സ്വത്തുക്കൾ"-ഈ സമീപനം കളയണം. ഇത് അനാത്മദൃഷ്ടിയാകുന്നു, അനാത്മാവിന്റെ സമീപനമാകുന്നു ഇത്. നമുക്കിതിന് വിരാമമിടാം.

അനാത്മ സമീപനത്തിന് നിങ്ങൾ വിരാമമിടുമ്പോൾ, സ്വാഭാവികമായും നിങ്ങൾ ആത്മാവി(The Self)ലാകുന്നു. ഇരുളകലുമ്പോൾ, സ്വാഭാവികമായും പ്രകാശം പ്രത്യക്ഷമാവുന്നു. നിങ്ങൾ പ്രകാശം കൊണ്ടുവരേണ്ട ആവശ്യമില്ല. ഇരുളകലുമ്പോൾ, പ്രകാശം അവിടെയുണ്ട്. അതുകൊണ്ട്, അനാത്മാവിനെ ഉപേക്ഷിക്കുമ്പോൾ, നിങ്ങൾ ആത്മാവിലാകും.

നാം സദാ ഈ അനാത്മാവിനെപ്പറ്റി മാത്രമാണ് ചിന്തിക്കുന്നത്. ജാഗ്രദവസ്ഥയിൽ, സ്വപ്നാവസ്ഥയിൽ, സുഷുപ്തിയുടെ അവസ്ഥയിലും, നാം ഈ അനാത്മാവിനെപ്പറ്റി ചിന്തിക്കുന്നു. ജാഗ്രത്തിലും സ്വപ്നത്തിലും, കാര്യങ്ങൾ പ്രകടിപ്പിക്കപ്പെടുന്നു,

(വ്യക്ത); അതേസമയം സുഷുപ്തിയിൽ ഈ അനാത്മാവൊക്കെ അവ്യക്തമാവുന്നു. അപ്പോൾ ഈ അവ്യക്തമെല്ലാം, സുഷുപ്തിയിലെ മറഞ്ഞിരിക്കുന്ന അനാത്മാവ് മുദ്ര കൾ(impressions) അഥവാ വാസനകളുടെ രൂപത്തിലാവുന്നു. വാസനകൾ അടയാള ങ്ങൾ(imprints) അഥവാ മുദ്രകളാ(impressions)കുന്നു.

അതുകൊണ്ട്, അടിയന്തര ജോലിയെന്നത് ആത്മാവിനെ നിങ്ങളുടെ മനസ്സിലൂടെ ദർശിക്കുക എന്നതാകുന്നു. കുടുംബം, അഥവാ ആസ്തികൾ പോലെ വസ്തുക്ക ളുടെ വിശേഷരൂപത്തെപ്പറ്റി ചിന്തിക്കുന്നത് അവസാനിപ്പിക്കുക. മനസ്സിനെ ശൂന്യമാ ക്കുക. നിശ്ചിന്താവസ്ഥയിലാവുക. നിങ്ങൾ നിശ്ചിന്തനായാലും, നിങ്ങൾ നില




നിൽക്കുന്നു, നിങ്ങളുടെ അസ്തിത്വം നിങ്ങളറിയുന്നു. ഞാൻ നിലനിൽക്കുന്നു, സത്. ഞാൻ നിലനിൽക്കുന്നു എന്ന് എനിക്കറിയാം, ചിത്ത്. ഇപ്രകാരമാണത്. ഞാൻ ഞാൻ 'ആകുന്നു'(I 'am') എന്ന അവബോധം. ഞാൻ ആ ഞാൻ 'ആകുന്നു'. ഇതി നെയാണ് ആത്മാവ്, അസ്തിത്വം, അവബോധം എന്നൊക്കെ വിളിക്കുന്നത്.

ഉദാഹരണത്തിന്, ഞാൻ ആരോടെങ്കിലും ചോദിക്കുകയാണ്, "നോക്കൂ, അവിടെ മധുരപലഹാരങ്ങളുണ്ട്. ഒന്നു കണ്ടു വരൂ, ആ വിഭവങ്ങളൊക്കെ ഒന്നു നോക്കൂ." എന്താണ് ഞാൻ ഉദ്ദേശിക്കുന്നത്? നിങ്ങൾ ചെന്ന് അത് കാണാനല്ല ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. നിങ്ങളത് രുചിച്ചുനോക്കണം. മധുരപലഹാരങ്ങളൊക്കെ നോക്കൂ

എന്നു വച്ചാൽ അവ രുചിക്കൂ എന്നാണർത്ഥം. പലഹാരങ്ങളൊക്കെ നോക്കൂ എന്നതിനർത്ഥം നിങ്ങൾ അവ ഭക്ഷിക്കൂ, രുചിച്ചുനോക്കൂ എന്നാണ്. എന്നിട്ട് എന്നോട് പറയൂ.

ഇതേ രീതിയിൽ, 'ആത്മാവിനെ ദർശിക്കുക' എന്നതുകൊണ്ട് എന്താണർത്ഥം? ആത്മാവിനെ ഒരു വസ്തുവിനെയോ ഒരു കാര്യത്തെയോ കാണുന്നതുപോലെ ദർശി ക്കുകയല്ല നിങ്ങൾ. ആ അവബോധവും അസ്തിത്വവും, ഞാൻ 'ആകുന്നു'(I 'am') എന്ന അവബോധം, ആ ഞാൻ 'ആകുന്നു' എന്നത് ആത്മാവാകുന്നു. ഞാൻ എന്റെ നില, അവബോധം, സാന്നിധ്യം, ദർശിക്കുന്നു. അതുകൊണ്ട് നമുക്ക് ഈ ചിത് ഉണ്ടാവണം, ചിത് സാമാന്യ ദൃഷ്ടി, അത് നാമരൂപങ്ങൾക്ക് അതീതമാണ്. അരൂപി യായ ആത്മാവിനെ ദർശിക്കാൻ ഇതുമാത്രമാണ് ഒരേയൊരു വഴി.

ഞാൻ 'ആകുന്നു' എന്നറിയുന്നത് ആത്മാവിനെ ദർശിക്കുക അഥവാ ആത്മദർശനം ആകുന്നു.

നിങ്ങൾക്ക് വളരെ നന്ദി.

സായി രാം!

.



**പ്രഫ. അനിൽകുമാർ കാമരാജു** (തുടരും)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)